ലുള്ള വ്യത്യാസം മൂലം തദ്ദേശീയവ്യാപാരികളെ സംസ്ഥാനത്തെ ഏലയ്ക്കാ ലേലകേന്ദ്രങ്ങളിൽ നിന്നും പിൻതിരിപ്പിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ലേലകേന്ദ്രങ്ങളിൽ വിൽപ്പനയ്ക്കെത്തുന്ന ഏലക്കായുടെ അളവ് ക്രമാതീതമായി കുറയുകയും തമിഴ്നാട്ടിലെ ബോഡി നായ്ത്തൂരിലെ ലേലകേന്ദ്രത്തിൽ വിൽപ്പനയ്ക്കെത്തിയ ഏലക്കായുടെ അളവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ടോ;

(ഇ) നികുതിയിലെ ഈ അന്തരം കൊണ്ട് സംസ്ഥാനത്തെ കർഷകരും വ്യാപാരികളും ഏലക്ക അയൽസംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഇതിന് പരിഹാരമായി കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ നികുതി 8% ൽ നിന്നും 4% ശതമാനമായി കുറച്ചു.

(ബി) കുരുമുളക്, ചുക്ക് (ജാതിപത്രിക ഒഴികെ)യുള്ളവയ്ക്ക് ഇപ്പോഴും 4% ആണ് നികുതിനിരക്ക്. കൂടാതെ 1.1.2000 മുതൽ വിൽപ്പന നികുതിയിന്മേലുള്ള 10% സർചാർജ്ജും പിൻവലിച്ചിട്ടുണ്ട്.

(സി) തമിഴ്നാട്ടിലും വിൽപ്പന നികുതി ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഏലക്കായ്ക്ക് തമിഴ്നാട്ടിലും ഇവിടെയും ഒരേ നിരക്കാണ് പ്രാബല്യത്തിലുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നികുതിനിരക്കിൽ അയൽസംസ്ഥാനങ്ങളുമായി അന്തരമില്ല.

23 (1064) വ്യാജമരുന്നു വിൽപ്പനയും നികുതിവെട്ടിപ്പും തടയുന്നതിന് നടപടി

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതമായുള്ള നികുതി നൽകാതെ കുത്തകകമ്പനികൾ പ്രത്യേക ഏജൻസികൾവഴി സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിതരണം നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇത് സംബന്ധമായി നികുതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അലോപ്പതി, ആയുർവേദ മരുന്നുകൾക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് അലോപ്പതി ആയുർവ്വേദ മരുന്നുകളുടെ വിൽപ്പനനികുതിയിനത്തിൽ എന്തു തുകയാണ് ഓരോമാസവും ഖജനാവിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നിയമാനുസൃതമായുള്ള നികുതിനൽകാതിരിക്കാനായി ട്രക്കുകളിലാണ് സംസ്ഥാനത്ത് മരുന്ന് കടത്തി കൊണ്ടുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വൻതോതിൽ നികുതി ചോർച്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) അനധികൃതമായി കടത്തിക്കൊണ്ടുവരുന്നതിനാൽ മെഡിക്കൽ സ്റ്റോറുകൾ മരുന്നുകൾക്ക് ബില്ല് എഴുതാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) സംസ്ഥാനത്ത് നടന്നുവരുന്ന വ്യാജമരുന്ന് വിൽപ്പനയും നികുതിവെട്ടിപ്പും തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എട്ടു ശതമാനം.

(ഡി) അലോപ്പതി ആയുർവേദ മരുന്നുകളുടെ വിൽപ്പന നികുതിയിനത്തിൽ സംസ്ഥാനത്ത് 1997-98 സാമ്പത്തിക വർഷത്തിൽ 6181.28 ലക്ഷവും 1998-99 സാമ്പത്തികവർഷത്തിൽ 6166.72 ലക്ഷവും രൂപ ഖജനാവിലേക്ക് അടച്ചതായി കണക്കാക്കിയിട്ടുണ്ട്. 1999-2000-ത്തിലെ വിൽപ്പനനികുതി പിരിവ് ഇപ്പോൾ ലഭ്യമല്ല.

(ഇ) ഇല്ല.

(എഫ്-എച്ച്)&(ഇ) ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

24 (1065) പെട്രോളിയം ഉൽപ്പന്നങ്ങളുടെ സെയിൽസ് ടാക്സ്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽവരുമ്പോൾ വിദേശമദ്യം പെട്രോളിയം ഉൽപന്നങ്ങൾ എന്നിവയിൻമേലുള്ള സെയിൽസ് ടാക്സ് എത്ര വീതമായിരുന്നു;

(ബി) 1995-96 മുതൽ 1999-2000 വരെ ഓരോവർഷവും ഇവയിൻമേലുള്ള സെയിൽസ് ടാക്സ് എത്ര വീതം വർദ്ധിപ്പിച്ചു;

(സി) 1995-96 മുതൽ 1998-99 വരെ ഓരോ വർഷവും ഈ ഇനങ്ങളിൽ എന്തു തുകവീതം പിരിച്ചെടുത്തു;

(ഡി) ഈ വർഷം ഇതുവരെ ഈയിനങ്ങളിൽ എന്തു തുക വീതം പിരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly